പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയവരും ഒഴിവാക്കിയവരും

126 [3273] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്തെ ഏതെങ്കിലും സമുദായത്തെ പട്ടികജാതിയോ പട്ടികവർഗ്ഗമോ ആയി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്തെ ഏതെങ്കിലും സമുദായത്തെ പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്തെ ഏതെങ്കിലും സമുദായത്തെ പിന്നോക്ക ലിസ്റ്റിൽ ഉൾപ്പെടുത്തി അവരുടെ ഉദ്യോഗ സംവരണങ്ങൾ പുനർനിർമ്മിച്ചിട്ടുണ്ടോ;

(ഇ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പിന്നോക്ക ജാതി ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയോ ഏതെങ്കിലും പിന്നോക്ക സമുദായത്തിന്റെ സംവരണ ശതമാനം റൊട്ടേഷൻ ആനുകൂല്യം പുതുക്കി നിശ്ചയിക്കുകയോ ചെയ്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുകയും ഇത്തരം ഭേദഗതികൾക്കുള്ള കാരണങ്ങൾ എന്താണെന്ന് വിശദമാക്കുകയും ചെയ്യാമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി ലിസ്റ്റിൽ 'നേറിയൻ' സമുദായത്തെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ ലിസ്റ്റിൽ പുതിയതായി താഴെപ്പറയുന്ന സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. മലവേട്ടുവൻ (കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ)
2. മേൻകുറുമ്പൻ, ജേനുകുറുമ്പൻ
3. തച്ചനാടൻ മൂപ്പൻ, തച്ചനാടൻ
4. ചോലനായ്ക്കൻ
5. മാവിലൻ
6. കരിമ്പാലൻ
7. വേട്ടകുറുമ്പൻ
8. മലപണിക്കർ
9. വയനാട് കാടർ

LIBRARY ARCHIVES Kerala Legislative Assembly

(ബി,സി) ഉണ്ട്. പട്ടിക ജാതി ലിസ്റ്റിൽ നിന്നും താഴെപ്പറയുന്ന സമുദായങ്ങളെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്:

ബന്ദി, തച്ചാറ, തോയൽ, ഗവറ, ഗൊഡഗാളി, ഗൊഡ്ഡ, പഞ്ചമ.

പട്ടികജാതി ലിസ്റ്റിൽനിന്നും രണ്ട് സമുദായങ്ങളെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. മാവിലൻ
2. കരിംപാലൻ

പട്ടികവർഗ്ഗ ലിസ്റ്റിൽനിന്നും താഴെപ്പറയുന്ന സമുദായങ്ങളെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്:

കമ്മാറ, കൊണ്ടകപുര്, കൊണ്ടകറെഡ്ഡി, കോട്ട, മറാട്ടി, പുലപ്പവേട്ടുവർ സമുദായങ്ങളെ പഴയ കൊച്ചി നാട്ടുരാജ്യത്തെ മാത്രം പരിമിതപ്പെടുത്തി വിജ്ഞാപനം ഇറക്കിയിട്ടുണ്ട്.

(ഡി) പട്ടികജാതിയിൽ ഉൾപ്പെട്ടിരുന്ന വേട്ടുവ സമുദായങ്ങളെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ, എഫ്) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിന് ഫണ്ടുകൾ ചെലവഴിക്കുന്ന സംവിധാനം

127 [3274] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
„ കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിന് ഇപ്പോൾ ഫണ്ടുകൾ ചെലവഴിക്കുന്നത് ഏത് സംവിധാനത്തിലൂടെയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിന് മൊത്തം എത്ര സംഖ്യ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ചെലവഴിച്ച സംഖ്യയെ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ) നിലവിലുള്ള ധനകാര്യ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിന് പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, ആരോഗ്യം, വിദ്യാഭ്യാസം, പൊതുമരാമത്ത് തുടങ്ങിയ സർക്കാർ വകുപ്പുകളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലൂടെയും അനുവദിച്ച ഫണ്ടുകൾ ചെലവഴിച്ചുവരുന്നു.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം (2002-03) പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി 9516.25 ലക്ഷം രൂപയും പട്ടികജാതി വികസനത്തിനുവേണ്ടി 14788.31 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly